# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2602     21/06/2012 -ൽ മറുപടിക്ക്

## പ്രമോഷൻ ലഭിക്കുന്നതിന് നല്കിയ അപേക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ:ജെയിംസ് മാത്യു | | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ ആയിരിക്കെ 2011 മാർച്ച് 12 ന് സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീമതി. പി.എൻ. ചന്ദ്രിക തനിക്ക് ന്യായമായും ലഭിക്കേണ്ടുന്ന പ്രമോഷൻ ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിൽ സർക്കാർ നമ്പർ 115/യു1/11 പൊതുവിദ്യാഭ്യാസം തീയതി 25/02/12 പ്രകാരം അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടത് ആരാണെന്നും അവർക്കീകാര്യത്തിൽ നിർദ്ദേശം നല്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | 25/02/12 ലെ സർക്കാർ കത്ത് 115/യു1/11/പൊ.വി.വ പ്രകാരം ശ്രീമതി. ചന്ദ്രിക യുടെ ജൂനിയർ എച്ച്.എസ്.എസ്.ടി ആയി ചാർജ്ജെടുത്ത തീയതി മുതൽ ശ്രീമതി. ചന്ദ്രികയ്ക്ക് ശമ്പളക്കുടിശ്ശി-കയ്ക്ക് അർഹതയുണ്ടായിരിക്കുകയില്ല എന്ന നിബന്ധനയോടെ നോഷണൽ പ്രൊമോഷൻ നൽകാവുന്നതാണെന്നും അതോടൊപ്പം തന്നെ മേപ്പടിയാൾക്ക് നോഷണൽ പേയുടെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ച് നൽകേണ്ടതാണ് എന്നും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ 4 മാസമായി സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്താമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | പ്രമോഷനും ആനുകൂല്യങ്ങളും താമസിപ്പിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ